പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2746 02.04.2013ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസരംഗത്തെ പൊതുമേഖലയുടെ സ്വാധീനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ-സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ സിംഹഭാഗവും ഇപ്പോൾ വിദ്യാഭ്യാസക്കച്ചവടക്കാരുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യവും നിലപാടും എന്തായിരുന്നുവെന്ന പരിശോധിച്ചിട്ടുണ്ടോ; ഇതു തിരുത്താനുദ്ദേശ്യമുണ്ടോ; | (എ) സംസ്ഥാനത്ത് ഇത്തരം ഒരു സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തു നിലവിലുള്ള സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ-സ്വാശ്രയസ്ഥാപനങ്ങളുടെയും അനുപാതം വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും, 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളും, സർക്കാർ നിയന്ത്രിത 25 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും, 116 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും നിലവിലുണ്ട്. |

(സി) സ്വകാര്യ-സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ നടത്തിപ്പുകാരായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മാറുന്നത് ഗുണകരമായ കാര്യമാണെന്നു കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ, വിദ്യാഭ്യാസ രംഗത്തെ പൊതുമേഖലയുടെ സ്വാധീനം നിലനിർത്താൻ സർക്കാർ തയ്യാറാകുമോയെന്നു വ്യക്തമാക്കുമോ?

(സി) & (ഡി) സ്വകാര്യ-സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ നടത്തിപ്പുകാരായി ഉന്നതവിദ്യാഭ്യാസവകുപ്പ് മാറുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. സർക്കാർ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ആവിഷ്കരിക്കുന്ന പദ്ധതികളെല്ലാം സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ്. കൂടാതെ സ്വകാര്യ-സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ഏർപ്പെടുന്ന കരാറിലൂടെ അവയുടെ നിയന്ത്രണം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തവുമാണ്.

സെക്ഷൻ ഓഫീസർ